"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ രായമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ഷിജി എം.സി.-യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.911/2026/H&FWD തീയതി, തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. ശ്രീമതി. ഷിജി എം.സി സമർപ്പിച്ച 25.07.2025 തീയതിയിലെ അപേക്ഷ.
2. സ.ഉ.(അച്ചടി) നം.120/2025/ധന തീയതി 03.10.2025.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.02.2026 തീയതിയിലെ ഡി.എച്ച്.എസ്/3881/2026-എംആർ.6 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ രായമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ഷിജി എം.സി, തന്റെ ഭർത്താവിന്റെ RAPIDLY PROGRESSIVE RENAL FAILURE സംബന്ധമായ ചികിത്സ കൊച്ചിയിലെ ലേക്ക്ഷോർ എന്ന സ്വകാര്യ ആശുപത്രിയിൽ PT No.0000637026 പ്രകാരം 08.05.2025 മുതൽ 19.05.2025 വരെ നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകാനുമതി ആവശ്യമാണെന്നും അനുവദനീയമായ തുക Rs.78,975/- (എഴുപത്തെണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയാണെന്നും പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ രായമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ഷിജി എം.സി-യുടെ ഭർത്താവിന്റെ RAPIDLY PROGRESSIVE RENAL FAILURE സംബന്ധമായ ചികിത്സ, 08.05.2025 മുതൽ 19.05.2025 വരെ കൊച്ചിയിലെ ലേക്ക്ഷോർ ആശുപത്രിയിൽ നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 78,975/- രൂപയുടെ 80% തുകയായ 63,180/- രൂപ (അറുപത്തി മൂവായിരത്തി ഒരുനൂറ്റി എൺപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം).

ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം.

ശ്രീമതി. ഷിജി എം.സി, ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യ കേന്ദ്രം, രായമംഗലം, എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്), കുടുംബാരോഗ്യ കേന്ദ്രം, രായമംഗലം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി - (F2/59/2026-HEALTH നമ്പർ ഫയലിലേയ്ക്ക് ).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 05-03-2026 15:04:12